**IDEAL INDIAN SCHOOL, DOHA – QATAR**
**Ext. Cir: IIS/14/2024**

**Date: 29th January 2024**
**17 Rajab 1445**

പ്രിയ രക്ഷിതാക്കളെ.....

ക്ഷേമാശംസകൾ ..!

പുതിയ അധ്യയനവർഷം ഏപ്രിൽ 2024 മുതൽ ആരംഭിക്കുകയാണ്. നമ്മുടെ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി ഈ പുതിയ അധ്യയന വർഷത്തിൽ ചില നൂതനപരിവർത്തനങ്ങൾ ആരംഭിക്കാൻ IIS ആഗ്രഹിക്കുകയാണ്. ഐഡിയൽ ഇന്ത്യൻ സ്കൂൾ വിദ്യഭ്യാസ ഗുണനിലവാരത്തിന്റെ പ്രാധാന്യം തിരിച്ചറിയുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നവരാണ്. അതു അക്കാദമിക മികവിനും ഭാവിയിലെ ജീവിതവിജയത്തിനും വളരെ പ്രധാനമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഇതു കണക്കിലെടുത്ത് പുതിയ അധ്യയനവർഷം മുതൽ നമ്മുടെ കുട്ടികളുടെ അക്കാദമികആവശ്യങ്ങൾ നിറവേറ്റുന്ന പ്രത്യേക ക്ലാസുകൾ ആസൂത്രണം ചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഓരോ വിദ്യാർത്ഥിയുടെയും പഠനാവശ്യങ്ങളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കാനും അവർക്ക് ആവശ്യമായ മികവുപുലർത്താൻ പിന്തുണ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനും ഇത് നമ്മുടെ അധ്യാപകരെയും പ്രാപ്തരാക്കും.ഈ മാറ്റങ്ങൾ നിങ്ങളുടെ കുട്ടികളുടെ അക്കാദമിക നിലവാരത്തെ തീർച്ചയായും മെച്ചപ്പെടുത്തുമെന്നു ഞങ്ങൾക്കുറപ്പുണ്ട്.

2024 മാർച്ചിൽ നടക്കുന്ന വാർഷിക പരീക്ഷകളിൽ നിന്നു ലഭിച്ച മാർക്കിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും ക്ലാസുകൾ തരംതിരിക്കുന്നത്. പരീക്ഷയുടെ പ്രാധാന്യം മനസ്സിലാക്കാൻ ഇതു വിദ്യാർത്ഥികളെ വളരെയധികം സഹായിക്കുമെന്ന് മാത്രമല്ല, വിദ്യാഭ്യാസ സമ്പ്രദായക്രമീകരണത്തിനും ഇടയാക്കും. ആയതിനാൽ നമ്മുടെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനു വേണ്ടി നിങ്ങൾ ഏവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാവുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അക്കാദമിക തലത്തിൽ നിങ്ങൾക്കുണ്ടാവുന്ന ഏതൊരാഭിപ്രായവും ഞങ്ങളെ ഇമെയിൽ വഴി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

iisacademics2024@gmail.com

സ്നേഹപൂർവ്വം,

Shamim Saheb 29/1/24

ഷെയ്ഖ് ഷമീം സാഹേബ്

പ്രിൻസിപ്പൾ